# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 04.04.2018-ൽ |
| ചോദ്യം നമ്പർ - 6625 | മറുപടിയ്ക്ക് |

## കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും<br>വകുപ്പ് മന്ത്രി) |
| (എ) കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിരത്തുവിഭാഗം പ്രവൃത്തികളായ ആലുവ - മൂന്നാർ റോഡ് കി.മീ. 28/000 മുതൽ 38/281 വരെ നവീകരണം, കിഫ്ബി 2016-17 - കാക്കനാട് - തങ്കളം റോഡ് കി.മീ. 22/600 to 24/600 സ്ഥലം ഏറ്റെടുക്കൽ, കിഫ്ബി 2017-18 കാക്കനാട് - തങ്കളം റോഡ് കി.മീ. 20/00 മുതൽ 22/600 വരെ സ്ഥലം ഏറ്റെടുക്കൽ എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) ആലുവ - മൂന്നാർ റോഡ് കി.മീ. 7/600 മുതൽ 28/000 വരെയുള്ള ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. 28/000 മുതൽ 35/226 വരെയുള്ള ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടന്നുവരികയാണ്.<br><br>കാക്കനാട് - തങ്കളം റോഡ് ഫുൾ സ്ട്രെച്ചിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയ്ക്കായുള്ള ടെണ്ടർ പ്രസിദ്ധീകരിച്ചു. |
| (ബി) ഇതിൽ എത്ര പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) നടപടി പൂർത്തീകരിച്ചിട്ടില്ല. |
| (സി) പ്രസ്തുത പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ നടപടി താമസിക്കുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ; | (സി) ഇൻവെസ്റ്റിഗേഷൻ നടത്താൻ പര്യാപ്തമായ ഏജൻസികളുടെ ലഭ്യത കുറവാണ് നടപടികൾക്ക് കാലതാമസം നേരിടുന്നതിനുള്ള മുഖ്യ കാരണം. |
| (ഡി) കാലതാമസം ഒഴിവാക്കി അടിയന്തരമായി ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) പ്രസ്തുത പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ